(സി) പ്രവാസികൾക്കു മാത്രമായി പ്രത്യേക ഇൻസെന്റീവുകളൊന്നും ഇപ്പോൾ ഉദ്ദേശിയ്ക്കുന്നില്ല. എന്നാൽ 50 കോടിയിലധികം നിക്ഷേപം വരുന്ന ഓരോ പ്രോജക്ടും പ്രത്യേകം പ്രത്യേകം വിലയിരുത്തി ഇൻസെന്റീവുകൾ അനുവദിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും ദുബായ് കേന്ദ്രമായുള്ള സതേൺ ഫൺ സിറ്റി. മലേഷ്യയിലുള്ള ട്രാൻസ് റിസോർട്ട്സ് ലിമിറ്റഡ് എന്നീ വിദേശ കമ്പനികൾ ഉടനെ മുതൽ മുടക്കുന്നതാണ്. അമാൻ റിസോർട്ട്സിനു വേണ്ടി ശ്രീലങ്കയിലെ യൂണിവോഗ് ഹോളിഡേ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ ധാരാളം ചെറുകിട-ഇടത്തരം റിസോർട്ട്/ഹോട്ടൽ പ്രോജക്ടുകളിലും വിദേശ മൂലധന നിക്ഷേപം ഉണ്ടാകുന്നുണ്ട്.

ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി

*17 [576] ശ്രീ. ബിനോയ് വിശ്വം:

„ എൻ. രാജൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഇപ്പോൾ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാണോ; ആണെങ്കിൽ പ്രതിമാസം എത്ര വൈദ്യുതി മിച്ചം വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഏതെല്ലാം വൈദ്യുത നിലയങ്ങളിൽ നിന്നും എത്ര വൈദ്യുതി വീതം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഇതിൽ എത്ര വൈദ്യുതി സംസ്ഥാനത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ടെന്നും, വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര പൂളിൽ നിന്നും പ്രതിമാസം ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിച്ച് കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അല്ല.

(ബി) 2004-2005 സാമ്പത്തിക വർഷം 28-2-2005 വരെ സംസ്ഥാനത്തിനകത്ത് ജലവൈദ്യുതി നിലയങ്ങൾ, താപവൈദ്യുതി നിലയങ്ങൾ എന്നിവയിൽ നിന്നും ഉൽപ്പാദിപ്പിച്ച വൈദ്യുതി, സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിയ വൈദ്യുതി, മൊത്തം ഉപഭോഗം ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† വൈദ്യുതി ബോർഡിന്റെ വൈദ്യുതി നിലയങ്ങളിലെ പ്രതിദിന വൈദ്യുതി ഉൽപ്പാദനം 16.79 Mu ആണ്. ഇതിൽ തമിഴ്നാടിനും എൻ.വി.വി. എന്നിനും നൽകുന്ന കായംകുളം വൈദ്യുതി ഒഴികെയുള്ള എല്ലാ വൈദ്യുതിയും സംസ്ഥാനത്തിനുവേണ്ടി ഉപയോഗിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004-2005 സാമ്പത്തിക വർഷം 28-2-2005 വരെ കേന്ദ്ര പൂളിൽ നിന്നും പ്രതിമാസം സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വൈദ്യുതി ശരാശരി 470 Mu ആണ്.

(ഡി) വൈദ്യുതിയുടെ ഉൽപ്പാദന ചെലവും വാങ്ങുന്ന വൈദ്യുതിയുടെ വിലയും കുറച്ചുകൊണ്ടുവരാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.

1. ജലവൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

2. കായംകുളത്തു നിന്നുള്ള 180 MW വൈദ്യുതിയോടൊപ്പം പൂർവ്വ മേഖലയിൽ നിന്നും 110 MW വിലകുറവുള്ള വൈദ്യുതി ലഭ്യമാക്കാൻ നടപടികൾ എടുത്തുവരുന്നു.

3. താപനിലയങ്ങളായ NTPC, കായംകുളം, BSES എന്നിവയുടെ ഇന്ധനം നാഫ്തയിൽ നിന്നും LNG-യിലേയ്ക്ക് ലഭ്യതയനുസരിച്ച് മാറ്റാൻ ആലോചിക്കുന്നു.

4. കായംകുളം നിലയത്തിന്റെ നിലവിലുള്ള ശേഷിയുടെ പകുതി തമിഴ്നാടിന് നൽകുക വഴി ഫിക്സഡ് കോസ്റ്റ് ബാധ്യത സംസ്ഥാനത്തിന് കുറയുന്നു.

5. കായംകുളം നിലയത്തിലെ മുടക്കുമുതലിനോടുള്ള ലാഭവിഹിതം, വായ്പയുടെ പലിശനിരക്ക്, ഇൻസെന്റീവ് എന്നിവയുടെ നിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുകഴിഞ്ഞു.

6. ഉയർന്ന പലിശ നിരക്കുള്ള വായ്പകൾക്ക് പകരം കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

"കാർഷിക കയറ്റുമതി മേഖലാ പദ്ധതി"

*18 [577] ശ്രീ. പി. സി. ജോർജ്:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കാർഷിക കയറ്റുമതി മേഖലാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ എന്നിവയ്ക്കായി കാർഷിക കയറ്റുമതി മേഖലകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ വിപണി ഇടപെടൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly